LIBRARY ARCHIVES Kerala Legislative Assembly

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

143 (4171) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ വർഷം ഇനിയും നടപ്പിലാക്കാനുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കുളക്കട പഞ്ചായത്തിലെ വെണ്ടാർചിറ.
2. കൊട്ടാരക്കര പഞ്ചായത്തിലെ വേലംകോണം ചിറ.
3. എഴുകോൺ പഞ്ചായത്തിലെ വട്ടമൺകാവ് ഏല.
4. വെളിയം പഞ്ചായത്തിലെ കുറിയല്ലൂർ ഏല.
5. വെളിയം പഞ്ചായത്തിലെ പുല്ലാനിക്കാട് ഏലാചിറ.

കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ എഴുകോൺ-തുണ്ടിൽ ഭാഗം, പവിത്രേശ്വരം-മാറനാട്, മൈലം-കാർത്തികപ്പള്ളി കോളനി (എം.പി. സ്കീം) എന്നീ സ്ഥലങ്ങളിൽ ഭൂജലവകുപ്പ് ജലവിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

I <u>തടയണയുടെ നിർമ്മാണം</u>

1. വെളിയം പഞ്ചായത്തിൽ പുല്ലാനി ഏലായ്ക്കു സമീപം തടയണ നിർമ്മാണം.
2. കരിപ്ര പഞ്ചായത്തിൽ കൂടിക്കോട് തോട്ടിൽ തടയണ നിർമ്മാണം.
3. കൊട്ടാരക്കര പഞ്ചായത്തിൽ നറോദയ സ്കൂളിന് സമീപം തടയണ നിർമ്മാണം.
4. ഉമ്മന്നൂർ പഞ്ചായത്തിലെ വാളകം തോട്ടിൽ തടയണ നിർമ്മാണം.

II ഒരു പഞ്ചായത്തിൽ ഒരു കുളം

1. കരീപ്ര പഞ്ചായത്തിലെ തൃപ്പലഴികം കുളം.
2. വെളിയം പഞ്ചായത്തിലെ പൂവന്നയിൽ ചിറ.
3. മൈലം പഞ്ചായത്തിലെ കാരൂർ ചിറ.
4. എഴുകോൺ പഞ്ചായത്തിലെ കണ്ണാടിക്കുളം.

III വെള്ളപ്പൊക്ക കെടുതികൾ

1. കുളക്കട പഞ്ചായത്തിൽ ആർട്ട് ഓഫ് ലിവിങ് സെന്ററിനടുത്തായി കല്ലട നദിയുടെ ഇടതുഭാഗത്തെ പുനരുദ്ധാരണ പണികൾ.
2. കുളക്കട പഞ്ചായത്തിൽ കല്ലടനദിയുടെ ഇടതു ഭാഗത്തെ ഇടിഞ്ഞ കടവിന് മുകൾഭാഗത്തെ പുനരുദ്ധാരണ പണികൾ.
3. കുളക്കട പഞ്ചായത്തിൽ തെങ്ങുംപുഴകടവ് ഭാഗത്ത് കല്ലടയാറിന്റെ ഇടതുകരഭാഗത്ത് പുനരുദ്ധാരണ പണികൾ.

IV റിവർ മാനേജ്മെന്റ് ഫണ്ട്

കല്ലടയാറിൽ കുളക്കട പഞ്ചായത്തിലെ വടശ്ശേരി മഠം ഭാഗത്തിനുസമീപം ഇടതുകരയുടെ സംരക്ഷണ പണികൾ.

V ടൂറിസം ഫണ്ട്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പുലമൺതോടിലെ മീൻപിടിപ്പാറ ടൂറിസം വികസന കേന്ദ്രത്തിന്റെ പണികൾ. കൂടാതെ കൊട്ടാരക്കര നെടുവത്തൂർ കുടിവെള്ള പദ്ധതി പരിഗണനയിലാണ്.

**നാദാപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

**144 (4172)** ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന് കീഴിൽ നാദാപുരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly